# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.657** **11/06/2014-ൽ മറുപടിക്ക്**

## അവശ്യമരുന്നുകളുടെ ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" മുല്ലക്കര രത്നാകരൻ<br>" ജി. എസ്. ജയലാൽ<br>" ചിറ്റയം ഗോപകുമാർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ആശുപത്രികളിൽ അവശ്യമരുന്നുകൾക്ക് ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയിനം അവശ്യമരുന്നുകളാണ് വിവിധ ആശുപത്രികളിൽ വിതരണം ചെയ്തു കൊണ്ടിരുന്നത് ; ഇപ്പോൾ എത്രയിനം വിതരണം ചെയ്യുന്നുണ്ട് ; | (എ) | സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. എന്നാൽ ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട ചില മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. കാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ 107 ഇനം മരുന്നുകൾ ഉൾപ്പെടെ 939 ഇനം മരുന്നുകളാണ് വാർഷിക ഇൻഡന്റ് അനുസരിച്ച് വിവിധ സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തി വന്നിരുന്നത്. എന്നാൽ ഈ മരുന്നു പട്ടികയിൽ ഉൾപ്പെട്ട ചില മരുന്നുകൾ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നില്ല, ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ചില മരുന്നുകൾ വിവിധ സ്ട്രെംങ്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക വർഷത്തെ മരുന്നു പട്ടിക പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഡോക്ടർമാരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് 25.11.2013-ൽ കോർപ്പറേഷൻ ആസ്ഥാനത്ത് കൂടിയ ആരോഗ്യവകുപ്പു ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഫാർമസി കോളേജ് മേധാവി തുടങ്ങിയവർ ഉൾപ്പെട്ട വിദഗ്ദ്ധ സമിതിയാണ് മരുന്നു പട്ടിക പരിഷ്ക്കരിച്ചത്. ഇതനുസരിച്ച് നിലവിൽ 771 ഇനം മരുന്നുകളാണ് 2014-15 സാമ്പത്തികവർഷം വിതരണം ചെയ്യുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഓർഡറുകൾ നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | ആവശ്യമായ മരുന്നുകളുടെ പട്ടിക ആശുപത്രി അധികൃതർ നൽകിയെങ്കിലും 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ ഇതുവരെ നൽകാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) | 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ഇൻഡന്റ് 10.01.2014 ന് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 18.01.2014 ന് ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ച ഉടൻ തന്നെ KMSCL-ന്റെ ബോർഡിന്റെ അനുമതിയോടെ 28.01.2014 ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇ-ടെണ്ടറായാണ് ടെണ്ടർ ക്ഷണിച്ചത്. ഇ-ടെണ്ടർ പ്രകാരം കോർപ്പറേഷൻ ആവശ്യപ്പെട്ട രേഖകളുടെയെല്ലാം പകർപ്പുകൾ ഓൺലൈനായി നൽകുന്നതിലുള്ള പരിചയക്കുറവു കാരണം പ്രസ്തുത ടെണ്ടറിൽ വേണ്ടത്ര വിതരണക്കാരെ ലഭിച്ചില്ല. ആയതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കി റീ-ടെണ്ടർ ക്ഷണിക്കുവാൻ ബോർഡ് നിർദ്ദേശിച്ചതനുസരിച്ച് 11.03.2014 ന് റീ ടെണ്ടർ ക്ഷണിക്കുകയും, ആദ്യഘട്ടം യോഗ്യത നേടിയ വിതരണക്കാരിൽ ഫാക്ടറി പരിശോധന നടത്തേണ്ടവരെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പു ഡയറക്ടർ നിർദ്ദേശിച്ച ഫാർമസി കോളേജ് അദ്ധ്യാപകരും ഡ്രഗ്ഗ്സ് കൺട്രോളർ നിർദ്ദേശിച്ച എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടീം മേയ് ആദ്യ വാരത്തോടെ പൂർത്തീകരിച്ച ശേഷം അതിലും യോഗ്യത നേടിയ വിതരണക്കാരുടെ പ്രൈസ് ബിഡുകൾ പരിശോധിച്ച് ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ ആവശ്യമായ മരുന്നുകൾക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്. |
| (സി) | മരുന്ന് പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) | സ്റ്റോക്ക് കുറവുള്ള മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലെയും ജനറൽ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്ക് "രാഷ്ട്രീയ സ്വസ്ത് ബീമാ യോജന" (RSBY) ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കുറവുള്ള മരുന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൂപ്രണ്ടുമാരോട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി നടത്തി വരുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ മരുന്ന് ലഭ്യമാണെങ്കിൽ ആയതു മുഖേന മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | ശേഖരിക്കാനും നിർദ്ദേശിച്ചിട്ടുമുണ്ട്. മേൽ സ്ഥാപനങ്ങളിൽ മരുന്ന് ഇല്ലെങ്കിൽ മാത്രമേ ഓപ്പൺ ക്വട്ടേഷൻ പ്രകാരം മരുന്ന് വാങ്ങാവൂ എന്നും ഇത് പരിശോധിക്കുന്നതിനായി ഹോസ്പിറ്റൽ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട്, ആശുപത്രിയിലെ ഏതെങ്കിലും വകുപ്പ് മേധാവി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. RSBY ഫണ്ടിന് പുറമേ ക്ഷാമമുള്ള മരുന്ന് പ്രാദേശികമായി വാങ്ങുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് രണ്ട് കോടി രൂപയും. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 1 കോടി രൂപയും അതാത് വകുപ്പുകളുടെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2014-15 വർഷത്തെ മരുന്ന് സംഭരണത്തിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകി കഴിഞ്ഞു. ജൂലൈ മാസം പകുതിയോടെ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ